2B3N21307 (Pages : 2) Reg. No:.........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2021**

**BML3B03 – Naveena Malayala Kavitha**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION - A

*I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.*

1. പനിക്കിടക്കയിൽ മുഖത്തോടുമുഖം നോക്കിയിരുന്നപ്പോൾ ഭാര്യ കവിയെ ഓർമ്മിപ്പിച്ചതെന്തെല്ലാമാണ്?
2. 'വെളിച്ചം വിടരും സീതക്കുട്ടിക്കും ജനകൻ വരും' - ഈ വരികളിലെ സൂചിതമെന്ത്?
3. കാറപകടത്തിൽ വഴിയാത്രക്കാരൻ കൊല്ലപ്പെട്ട സന്ദർഭത്തിൽ കവിയുടെ കണ്ണുടക്കിയ തെന്തിലായിരുന്നു?
4. 'ആരന്ധകാരത്തെസൃഷ്ടിച്ചവൻ, ദയാവാരാശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ' - സന്ദർഭം വ്യക്തമാക്കുക.
5. തളംകെട്ടിയ ചളിക്കുണ്ടിൽ പോത്ത് കിടക്കുന്നതെപ്രകാരമാണെന്നാണ് കവി ചിത്രീകരിച്ചിട്ടുള്ളത്?
6. 'ബംഗാൾ' എന്ന കവിതയിലെ അന്ധനായ ധൃതരാഷ്ട്രർ എന്തിന്റെ പ്രതീകമാണ്?
7. കുന്നിടിച്ചു നിരത്തുന്ന യന്ത്രത്തോട് അഭ്യർത്ഥിക്കുന്നതെന്തൊക്കെയാണ്?
8. 'മുതുകിൽ നിൻ ചാട്ടയുലച്ചുകൊള്ളുക,
   വലയത്തിൽച്ചാടാനുണർന്നിരിപ്പൂ ഞാൻ' - ഇങ്ങനെ പറയേണ്ടി വന്നതെന്തുകൊണ്ട്?
9. സ്ത്രീയുടെ ദുരിതജീവിതത്തെ ആവിഷ്ക്കരിക്കുവാൻ 'സംക്രമണ'ത്തിൽ സന്നിഹിതമായ പ്രതീകങ്ങളെന്തെല്ലാം?
10. 'ഞങ്ങൾക്കങ്ങോട്ടു വരാൻ കഴിയുന്നില്ല. നീ ഇങ്ങോട്ടുവാ' എന്ന് കൂട്ടുകാർ പറയാനിടയായ സാഹചര്യമെന്താണ്?
11. ജീവിതത്തിൽ തനിക്കുണ്ടായ ഏറ്റവും പ്രധാന നഷ്ടമായി കവി 'നഷ്ടം' എന്ന കവിതയിലൂടെ പറയുന്നതേതു നഷ്ടത്തെക്കുറിച്ചാണ്?
12. മാർത്തോമാ നഗറിലെ പ്രതിമകളായി നിൽക്കുന്ന പുണ്യവാളന്മാരെക്കുറിച്ച് കവിമനസ്സിൽ രൂപപ്പെടുന്ന പ്രധാന ചിന്തകളെന്തൊക്കെയാണ്?
13. 'എന്റെ മക്കളും ചെറുമക്കളും ബന്ധുക്കളുമവിടെയാണ്' - ഈ വരികളിൽ തെളിയുന്ന ആശങ്കയ്ക്ക് കാരണമെന്ത്?
14. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയുടെ മുഖ്യാശയമെന്ത്?
15. 'കവിപ്രേയസി' എന്ന കവിതയിലെ മോതിരവും കാർമുകിലുകളും യഥാക്രമം ഏതിനെയൊക്കെയാണ് പ്രതിനിധീകരിക്കുന്നത്?

[(2 x 15 = 30) (Maximum Marks 25)]

## SECTION - B

*II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക*

16. 'പന്തുകായ്ക്കും മരം' എന്ന കവിതയുടെ ആശയതലം സ്പഷ്ടമാക്കുക.
17. 'മൃഗശിക്ഷകൻ' എന്ന കവിതയിൽ കടന്നുവരുന്ന ഭയത്തിന്റെ അർത്ഥാന്തരങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

*(മറുപുറം)*

18. ശുഭചിന്തകളുടെ കവിത കൂടിയാണ് 'പെൺകുഞ്ഞ്'- കവിതയിലെ പരാമർശങ്ങൾ മുൻനിർത്തി ഇത് വ്യക്തമാക്കുക.

19. 'നിന്റെ ജീവനിലഴുകിയ ഭാഗ്യമെന്തൊരു ഭാഗ്യം!' - ഇവിടെ സന്നിഹിതമായ വിപരീതധ്വനിയെന്തെന്ന് വ്യക്തമാക്കുക.

20. കൊച്ചുമകളുടെ പനിക്കിടക്കയിലിരുന്ന് കവിയും സുഹൃത്തും സംസാരിച്ച വിഷയങ്ങളെന്തൊക്കെയായിരുന്നു?

21. 'കനം' എന്ന കവിതയിൽ ഉൾച്ചേർന്നിരിക്കുന്ന സങ്കല്പങ്ങളെന്തെന്ന് സൂചിപ്പിക്കുക.

22. കെ.ആർ.ടോണിയുടെ 'നഷ്ടം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

23. ഐറണിക്ക് പ്രാധാന്യം നൽകി എൻ.വി.കൃഷ്ണവാര്യർ എഴുതിയ കവിതയാണ് 'എലികൾ' - ഈ പ്രസ്താവനയോട് പ്രതികരിക്കുക.

[(5 x 8 = 40) (Maximum Marks 35)]

## SECTION - C

*III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം തയ്യാറാക്കുക.*

24. വ്യക്തിതലത്തിലുള്ള ദുഃഖത്തേക്കാൾ ലോകദുഃഖത്തിന് പ്രാധാന്യം കൽപിക്കുന്ന ഒരു കവിയുടെ ധർമ്മസങ്കടങ്ങളും രാഷ്ട്രീയസന്ദേഹങ്ങളും ഉൾക്കൊള്ളുന്ന കവിതയാണ് 'പനി'- ചർച്ച ചെയ്യുക.

25. ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്ക് മലയാളകവിത സഞ്ചരിച്ചതെപ്രകാരമാണെന്ന് വ്യക്തമാക്കുക.

26. 'സംക്രമണം' എന്ന കവിതയിൽ പ്രകടമാവുന്ന രാഷ്ട്രീയധ്വനികളെ വിമർശനബുദ്ധ്യാ പരിശോധിക്കുക.

27. പാരിസ്ഥിതികദർശനം മലയാളകവിതയിൽ ചെലുത്തിയ പ്രഭാവത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുക.

(2 x 10 = 20 Marks)

2B3N21308 (Pages : 2) Reg. No:……………………..

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2021**

**BML3B04 – Drishyakala Sahithyam**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I *ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക.*

1. നാല് ക്ലാസിക്കൽ കലകളെ പരിചയപ്പെടുത്തുക.

2. 'ലോകധർമ്മി' എന്നാൽ എന്ത്?

3. 'ചതുർവിധാഭിനയം' എന്നാൽ എന്ത്?

4 രംഗപ്രഭാത്, ചേരൂർ രംഗചേതന, നെയ്യാറ്റിൻകര നാടകക്കൂട് എന്നീ നാടക സംഘങ്ങളുടെ പൊതു സവിശേഷത എന്ത്?

5. തോപ്പിൽ ഭാസി രചിച്ച രണ്ട് നാടകങ്ങളെ പരിചയപ്പെടുത്തുക.

6. കടത്തിന്റെ ദാർശനിക പ്രശ്നങ്ങൾക്കൊപ്പം എങ്ങനെ നല്ല കടക്കാരനാകാം എന്ന വിഷയവും ചർച്ചചെയ്യുന്ന "രാവുണ്ണി" എന്ന നാടകം രചിച്ചതാര്?

7. "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന തോപ്പിൽഭാസിയുടെ പ്രസിദ്ധമായ നാടകം ആദ്യമായി അരങ്ങേറിയത് എവിടെയാണ്?

8. 'ദണ്ഡകം' എന്നാൽ എന്ത്?

9. **1905**ൽ നടന്ന കേരളത്തിലെ പ്രസിദ്ധമായ സ്മാർത്തവിചാരത്തിൽ കുറ്റവിചാരണ നേരിടേണ്ടി വന്ന സ്ത്രീയുടെ പേര് എന്താണ്?

10. മഹാഭാരതത്തിൽ ബൃഹദീശ്വരൻ എന്ന മുനി ഏതു സന്ദർഭത്തിലാണ് നളകഥ പറയുന്നത്?

11. കൃഷ്ണനാട്ടത്തെ അനുകരിച്ച് കൊട്ടാരക്കരത്തമ്പുരാൻ ചിട്ടപ്പെടുത്തിയ ദൃശ്യ കലാരൂപം ഏത്?

13. കഥകളിയിലെ പ്രധാനപ്പെട്ട നാല് വേഷങ്ങളെ പരിചയപ്പെടുത്തുക.

14. "ആദാമിൻറെ മകൻ അബു" എന്ന ചലച്ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചത് ആര്?

15. മലയാളത്തിലെ ആദ്യ ശബ്ദചിത്രം ഏത്?

**(2x15=30, പരമാവധി മാർക്ക് 25)**

## Section B

II *ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക*

16. ദശരൂപകങ്ങൾ എന്നാൽ എന്ത്? വിശദമാക്കുക.

17. "വിദ്യ ശരിയെന്നുറയ്ക്കാൻ വിദ്വത് പ്രീതിക്ക് പാത്രമായ് വരേണം

നന്നായി പഠിച്ചവനും തന്നിൽ വരുന്നില്ല നല്ല വിശ്വാസം."

സൂചിത സന്ദർഭവും ആശയവും വിശദമാക്കുക.

18. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന പാരമ്പര്യമൂല്യത്തെ മുതലാളിത്തം എങ്ങനെയാണ് മറിച്ചിടുന്നത് എന്ന് 'രാവുണ്ണി' എന്ന നാടകത്തിന്റെ അന്ത്യരംഗം ബോധ്യപ്പെടുത്തുന്നുണ്ട്' എന്ന പ്രസ്താവന എത്ര-ത്തോളം ശരിയാണ്? പരിശോധിക്കുക.

19. "എനിക്കാരേം നെലക്കു നിറുത്താൻ വയ്യ. ഞാനെൻറെ നെലക്കങ്ങു നിന്നോളാം." ആര് ആരോട് പറയുന്ന വാക്യങ്ങൾ? സൂചിത സന്ദർഭവും ആശയവും വിശദീകരിക്കുക.

20. കഥകളിയുടെ ഘടനയും ചടങ്ങുകളും വിശദീകരിക്കുക.

21. നളന്റെ ഉദ്യാനം ഉണ്ണായിവാര്യർ എപ്രകാരമാണ് വർണിച്ചിരിക്കുന്നത്? വിശദമാക്കുക.

22. മലയാള സിനിമയുടെ ആദ്യകാലചരിത്രം ചുരുക്കിപ്പറയുക.

23. സൗമ്യതയുടെ മൂർത്തിരൂപങ്ങൾ ആവിഷ്കരിക്കുന്നതിൽ വിജയിച്ച ഒരു ചലച്ചിത്രമാണ് 'ആദാമിൻറെ മകൻ അബു' എന്ന് പറയാമോ? വിലയിരുത്തുക.

**(5x8=40, പരമാവധി മാർക്ക് 35)**

## Section C

III *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ 3 പുറത്തിൽ കവിയാതെ ഉപന്യസിക്കുക.*

24. അഭിജ്ഞാനശാകുന്തളത്തിന്റേയും മലയാള ശാകുന്തളത്തിന്റേയും സാമ്യ വ്യത്യാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

25. കഥകളിയുടെ ഉത്ഭവവും ചരിത്രവും വിശദമാക്കുക.

26. മലയാളത്തിലെ ആദ്യകാല നാടകവൈവിധ്യങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

27. തിരക്കഥയുടെ സവിശേഷതകൾ, സാഹിത്യരംഗവുമായുള്ള മലയാളസിനിമയുടെ ബന്ധം എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.

**(2X10=20 മാർക്ക്)**

2B3N21309 (Pages : 1) Reg. No:........................

Name: ..........................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Third Semester BA Degree Examination, November 2021

## BML3C03 – Keralapadanam – Adhinivesakala Keralam

(2019 Admission onwards)

Time: 1 ½ hours Max. Marks : 40

I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1. കഥകളിയിലെ പ്രധാന വേഷങ്ങൾ ഏവ? അവയുടെ പ്രത്യേകതയെന്ത്?
2. അറബിമലയാളം എന്നാൽ എന്ത്?
3. തുഹ്ഫത്തുൽ മുജാഹിദ്ദീനിന്റെ ചരിത്ര പ്രാധാന്യമെന്ത്?
4. പച്ചമലയാളപ്രസ്ഥാനം എന്നറിയപ്പെടുന്നതെന്ത്?
5. തുള്ളൽ എത്രവിധം? ഏതെല്ലാം?
6. ഹോർത്തൂസ് മലബാറിക്കസ് എന്നാൽ എന്ത്?

(6x2 = 12 പരമാവധി 10 മാർക്ക്)

II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക

7. മാപ്പിളപ്പാട്ടുകൾ
8. ചവിട്ടുനാടകം
9. കൂനൻ കുരിശുസത്യം
10. മൊഹ്യുദ്ധീൻമാല
11. ഉദയം പേരൂർ സുന്നഹദോസ്
12. കുണ്ടറ വിളമ്പരം

(6 x 4 = 24 പരമാവധി 20 മാർക്ക്)

III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

13. പോർട്ടുഗീസുകാർ കേരളത്തിൽ അനുവർത്തിച്ച മതനയം എന്തായിരുന്നു? വിശദീകരിക്കുക.
14. മിഷനറിമാരുടെ സംഭാവനകൾ കേരളത്തിന്റെ വിദ്യാഭ്യാസപരമായ ആധുനീകരണത്തിന് എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് ചർച്ചചെയ്യുക.

(1 x 10 = 10 മാർക്ക്)

2B3N21317 (Pages : 1) Reg. No:.............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2021**

**BJS3C03 – History of Mass Media**

(2019 Admission onwards)

Time: 1½ hours Max. Marks : 40

**Section A**

**All questions may be answered. Each question carries 2 marks.**

1. In which year was first issue of Malayala Manorama launched?
2. Name any two films of Adoor Gopalakrishnan.
3. Expand the abbreviations SITE AND F M Radio.
4. Which is the first Indian talkie film?
5. In which year was Mathrubhumi first published?
6. Expand ABC.
7. Who is the current Information and Broadcasting Minister?

**Ceiling: 10 marks**

**Section B**

**All questions may be answered. Each question carries5 marks.**

8. Describe a brief profile of K.P. Kesava Menon
9. Throw light on Kesari Balakrishna Pillai's contribution to Malayalam literature.
10. Write a short note on Herman Gundert.
11. Briefly describe the life and work of Raghu Ravi.
12. Write a short note on Rajyasamacharam and Gnananikshepam.

**Ceiling: 20 marks**

**Section C (essay)**

**Answer any one of the following question.**

13. Elaborate on the role of Kandathil Varghese Mappila in Malayalam Journalism.
14. Critically examine the role and significance of the Press council as a media watchdog of the country.

**(1 x 10=10 marks)**